Talented Bankers Literary Panel
പുസ്തക പരിചയം 139

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMECC, കൊട്ടാരക്കര.

വിഷകന്യക
എസ് കെ പൊറ്റെക്കാട്ട്

ഒരു നോവൽ എന്നതിൽ ഉപരി ഒരു കാലഘട്ടത്തിന്റെ സാമൂഹികചരിത്രം ആണ് വിഷകന്യക എന്ന കൃതി. സർക്കാർ സംവിധനങ്ങളോ കൃഷിക്ക് രാഷ്ട്രീയ/സാമ്പത്തിക പ്രാധാന്യമോ ഇല്ലാതിരുന്ന കാലത്ത്, കന്നി മണ്ണ് തേടി നാടും വീടും ഉപേക്ഷിച്ചു, വടക്കൻ മലബാറിന്റെ വയനാടൻ ചുരങ്ങളിലും മലകളിലും കുടിയേറി പാർത്ത, മണ്ണിനോടും അവിടത്തെ മനസ്സാക്ഷി കൈമോശം വന്ന തമ്പ്രാക്കന്മാരോടും, നിലനിൽപിന് താങ്ങാനാകാത്ത വയനാടൻ കാലാവസ്ഥയോടും, കാറ്റിനോടും, കാട്ടു മൃഗങ്ങളോടും, മലമ്പനിയോടും ഒക്കെ ഏറ്റു മുട്ടി സ്വയം ഇല്ലാതാകുകയും, എന്നാൽ വരും തലമുറക്കുള്ള ഊർജ്ജവും, ആത്മവിശ്വാസവും പകർന്നു വച്ച തിരുവിതാംകൂർ ക്രിസ്ത്യാനികളുടെ ആദ്യകാല കുടിയേറ്റ അനുഭവങ്ങൾ ആണ് നോവൽ. അത് കൊണ്ട് തന്നെ അതിനു ഒരു സാമൂഹിക ചരിത്രത്തിന്റെ നേർവായന ആണെന്നും തോന്നാം.

നായിക /നായകൻ എന്നതിലുപരി ഒരു പൊതു സമൂഹത്തിന്റെ മൊത്തത്തിൽ ഉള്ള യാത്രയാണ് നോവൽ. സ്വർണ്ണം ഒളിഞ്ഞിരിക്കുന്ന ഖനികൾ തേടി എന്ന പോലെ, ഉള്ളതെല്ലാം വിറ്റു പെറുക്കി വയനാടൻ കാടുകൾ വിലക്ക് വാങ്ങി അവിടെ കൃഷി ഇറക്കുകയാണ് ഒരു കൂട്ടം തിരുവിതാംകൂർ നസ്രാണികൾ. കന്നിമണ്ണിൽ എല്ലാം മറന്നു വെട്ടിയും കുത്തിയും കിളച്ചും, വരമ്പുകൾ കോരിയും, മണ്ണിനെ മെരുക്കി കൃഷി യോഗ്യം ആക്കി മാറ്റുക എന്ന പ്രാഥമിക സംരംഭത്തിൽ തന്നെ ആ കുടിയേറ്റക്കാർക്ക് അടി തെറ്റാൻ തുടങ്ങും..
ഇളക്കിയിട്ടു, നാമ്പു കുരുപ്പിച്ച മണ്ണിൽ കാട്ടു പന്നികൾ സൈര്യ വിഹാരം നടത്തുകയും, സ്ഥലനിവാസികളുടെ തിണ്ണ മിടുക്കും ഒക്കെ അവരെ പിന്നോട്ടടിക്കുന്നു.
എല്ലാം ഉപേക്ഷിച്ചു പോന്നവർ, പക്ഷെ എല്ലാറ്റിനോടും പട പൊരുതുന്ന, മനുഷ്യൻ ഉണ്ടായ കാലം മുതൽ പ്രകൃതിയോട് തോൽക്കാൻ മനസ്സില്ലാത്ത മനുഷ്യന്റെ പൊതുചരിത്രത്തിന്റെ പുതുതാളുകൾ ആവുകയാണ്..
മുതലാളി ആയി എത്തുന്ന പോളും,പിന്നെ വർക്കിയും, മാത്തനും, മറിയവും, ആനിക്കുട്ടിയും, തൊമ്മനും വറീതും, പിന്നെ അന്തോണിയും ഒക്കെ മനസ്സിൽ തങ്ങി നിൽക്കും വിധം നമ്മുടെ കണ്ണിനു മുന്നിൽ കഥാപാത്രങ്ങൾ ആടിത്തീർത്തു മാറുന്ന സുന്ദരമായ എഴുത്ത്. കാട്ടു മൃഗങ്ങളോട് ഏറ്റുമുട്ടിയും, തണുപ്പിനോടും, കാറ്റിനോടും, കാലാവസ്ഥയോടും പട പൊരുതി പച്ച പിടിക്കാൻ ശ്രമിക്കുന്ന അവർക്കു പക്ഷെ മലമ്പനിയുടെ

കൊടുംകാറ്റ് വീശുമ്പോൾ പിടി വിട്ടു പോകുന്നു.. പനി പിടിച്ചു തുള്ളിവിറച്ചു മരിക്കുന്ന മറിയവും ആനിക്കുട്ടിയും നമ്മളെ വേദനിപ്പിക്കും എങ്കിൽ പള്ളി പണിക്കു തന്നെ കാശ് തികയുന്നില്ലെന്നു പറഞ്ഞു കുഞ്ഞിന് പാല് വാങ്ങാനുള്ള പൈസ പോലും കൊടുക്കാതെ അച്ചൻ മടക്കുന്ന തൊമ്മനും മകനും പട്ടിണി കിടന്നു മരിക്കുന്നതും, ഇളയ കുഞ്ഞിനെ കുറുക്കൻ കൊണ്ട് പോകുന്നതും നമ്മളെ പിടിച്ചുലക്കും. ഒടുവിൽ കിട്ടിയ ജീവനും കൊണ്ട്, അത് വരെ ഉണ്ടാക്കിയ സമ്പാദ്യം മുഴുവൻ മണ്ണിൽ ഉയർന്നു പൊങ്ങിയ കായ് കനികൾ ആയി അവശേഷിപ്പിച്ച് കുറച്ചു പേർ മല ഇറങ്ങുമ്പോൾ, പ്രതീക്ഷയുടെ പച്ച മണ്ണ് തേടി മറ്റൊരു കൂട്ടർ മല കയറുന്നു.. തനിക്കു മുന്നേ പോയവർ തോറ്റു പോകാതിരിക്കാൻ..

വിഷകന്യക.. അതെ.. കന്നിമണ്ണിന്റെ കന്യകാത്വം കാട്ടി കൊതിപ്പിച്ചു, തന്നിലേക്ക് വലിച്ചു അടുപ്പിച്ചു, ചോരയും നീരും ഊറ്റി കുടിച്ച് തന്നിലേക്ക് തന്നെ അലിയിച്ചു ഇല്ലാതാക്കി കളയുന്ന വിഷകന്യക.. അവളിൽ ലയിച്ചു ഇല്ലാതായ സഹസ്രങ്ങൾക്കു നോവലിസ്റ്റ് അർപ്പിക്കുന്നതാണ് ഈ നോവൽ.. മണ്ണിലെ വിഷകന്യകയുടെ പ്രതിരൂപമായി മാധവിയും..

ഡി സി ബുക്ക്സ്
താളുകൾ : 166
വില : 160/